# Deepika
# 13 August 2018
# Pathanamthitta, Pamba, Water Level



## ഷട്ടറുകൾ താഴ്ത്തിത്തുടങ്ങി, പമ്പയിൽ ജലനിരപ്പ് കുറഞ്ഞു

**രണ്ടു താലൂക്കുകളിലായി 45 ദുരിതാശ്വാസ ക്യാമ്പുകൾ**

**പത്തനംതിട്ട:** ശബരിഗിരി പദ്ധതിയിൽ പമ്പ, കക്കി ആനത്തോട് ജലസംഭരണികളിലെ കൂടുതൽ ഷട്ടറുകൾ ഇന്നലെ താഴ്ത്തി. മഴ കുറഞ്ഞതോടെ പുറത്തേക്ക് ഒഴുക്കുന്ന വെള്ളത്തിന്റെ അളവിലും കുറവു വരുത്തി.

കക്കി ആനത്തോട് സംഭരണിയുടെ രണ്ടു ഷട്ടറുകൾ 45 സെന്റിമീറ്റർ വീതം തുറന്നു. രണ്ട് ഷട്ടറുകൾ അടച്ചു. പമ്പ ഡാമിൽ ഒരു ഷട്ടർ 7.5 സെന്റിമീറ്റർ തുറന്നു. അഞ്ച് ഷട്ടറുകൾ അടച്ചു. തിരുവല്ല, കോഴഞ്ചേരി പ്രദേശങ്ങളിൽ വെള്ളം ഇറങ്ങിത്തുടങ്ങിയിട്ടില്ല. രണ്ടു താലൂക്കുകളിലായി 45 ദുരിതാശ്വാസ ക്യാമ്പുകളാണു തുറന്നിട്ടുള്ളത്.